KOTTAYAM PUBLIC LIBRARY

Call No. ൮൦൦ Acc. No. 14.054

Author ജോസഫ് നെടുഞ്ചിറ

Title [illegible]

857

# ഭാരതപ്രേഷിതൻ

അഥവാ

# സെൻറ് തോമസ്.

ഗ്രന്ഥകർത്താ

റവ. ഫാദർ ജോസഫ് നെടുഞ്ചിറ.

First Edition (Copies 2000)

All Rights Reserved.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

St. Joseph's Press Mannanam,
1958.


0/50

# പ്രസ്താവന.

ഭാരതപ്രേഷിതനായ മാർ തോമ്മാശ്ലീഹായുടെ ഒരു സംക്ഷിപ്ത ജീവചരിത്രമാണ് ഈ ചെറുഗ്രന്ഥം. തോമ്മാശ്ലീഹാ ക്രിസ്ത്വബ്ദം 52-ൽ കൊടുങ്ങല്ലൂർ തുറമുഖത്തു ഇറങ്ങി ആദ്യമായി കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയും പിന്നീട് ഭാരതം മുഴുവനും സുവിശേഷപ്രസംഗം നടത്തി നിരവധി ആളുകളെ ക്രിസ്തുമതത്തിൽ ചേർക്കുകയും ചെയ്തു. അവസാനം പ്രതിയോഗികളുടെ കൈയിൽ അകപ്പെട്ടു രക്തം ചിന്തി വീരസാക്ഷ്യം പ്രാപിക്കുകയുമാണുണ്ടായതു്. പ്രേഷിതവര്യനായ തോമ്മാശ്ലീഹാ ഭാരതത്തിൽ പല അത്ഭുതങ്ങളും പ്രവർത്തിച്ചതായിക്കാണുന്നു. 'പുരാതനപാട്ടുകൾ' 'പന്ത്രണ്ടു ശ്ലീഹന്മാർ' എന്നീ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിക്കാണുന്ന അത്ഭുതപ്രവൃത്തികളിൽ ചിലതു് ഈ ചെറുപുസ്തകത്തിലും വിവരിച്ചിട്ടുണ്ട്. വിദ്വാൻ ജോസഫ് മുകളേൽ അവർകൾ ചെയ്തുതന്ന ഒത്താശകൊണ്ടും കുമരകം 'വേദകഥാസമിതി'യിലെ ഒരംഗവും ഒരു നല്ല കാഥികനുമായ ശ്രീമാൻ തോമ്മസ് മാത്യുവിന്റെ പ്രേരണമൂലവും മാന്നാനം സെന്റു ജോസഫ്'സ് പ്രസ്സ് മാനേജർ ബ. വിൽഫ്രിഡ് അച്ചന്റെ സഹായസഹകരണം കൊണ്ടും ആണ് 'ഭാരതപ്രേഷിതൻ' ഇത്തരത്തിൽ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതു്. ആ മഹത്തുക്കളുടെ മഹാമനസ്കതയ്ക്കു നമസ്കാരം!

ഗ്രന്ഥകർത്താ.

14054



Rev. Fr. Joseph Nedumchira

# SOUVENIR

SACERDOTAL SILVER JUBILEE,

22 - 12 - 1956.

# ഭാരത പ്രേഷിതൻ

അഥവാ

# സെൻറ് തോമസ്.

---

(മാവേലി)

## I

ആദിത്യനാഭാ രഹിതനായി!
ഭൂദേവി വേപഥു പൂർണ്ണയായി!

നേരമത്തുച്ച കഴിഞ്ഞെയുള്ളു
ക്രൂരിരുൾ പാരിൽപ്പരക്കയായി!

ഓറശ്ലേം പള്ളിതൻ തിരശ്ശീല
കീറന്നു രണ്ടായി വിസ്മയം താൻ!

പാറകൾ പൊട്ടിപ്പിളൎന്നിട്ടുന്നു
പാർത്തലജീവികളമ്പരന്നു!

ഇത്തരത്തിൽ ഒരു പ്രകൃതിക്ഷോഭം രണ്ടായിരം സംവത്സരത്തിനുമുമ്പ് ലോകത്തിൽ ആവിർഭവിച്ചു. അതു് ഒരു വെള്ളിയാഴ്ച ദിവസം ആയിരുന്നു. "സർവ്വവും പൂർത്തിയായി" എന്നൊരു ദിവ്യാലാപം അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടപ്പോൾ ഭൂമി കലുങ്ങുകയും പാറകൾ പിളക്കുകയും സൂര്യൻ ഇരുളുകയുമാണുണ്ടായതു്. അചിരേണ ആവിർഭവിച്ച അന്ധകാരം പല അനിഷ്ടസംഭവങ്ങൾക്കും ഇടവരുത്തിയതായിക്കാണുന്നു.

മഞ്ജുവിഹംഗമജന്തുജാലം
പഞ്ജരം നോക്കിപ്പറക്കയായി!

നാട്ടിൻ പുറങ്ങളിൽ മേഞ്ഞു നിന്നോ-
രാടുമാടോടിത്തൊഴുത്തിലേറി!

ചിക്കെന്നിരുളേറി ദൈവനാമ-
മോക്കാതെ ചൊല്ലിപ്പോയ് നാസ്തികന്മാർ!

പാവം! പഥികരതെന്തു ചെയ്യും?
ധാവനം സാധ്യമല്ലന്ധകാരം

പററിപ്പോയ് പശ്ഗംവാം യാചകന്മാ-
രൊററതിരിഞ്ഞുപോയ് കഷ്ടകാലം!

വിദ്യാലയത്തിലെ ബാലകർ തൻ
രോദനം മാറെറാലിക്കൊണ്ടിടുന്നു!

പേരാന്ന മാടമ്പി കൂസലെന്യേ
നിർമ്മിച്ചീടുന്നു വാഹനത്തിൽ,

ചാലവൃക്ഷമൊന്നിൽ ചെന്നിടിച്ചു
ചേലാന്നവണ്ടി പതിച്ചു കണ്ടിൽ!

ഭീരുവായ് നില്ക്കുന്ന പാന്ഥനേയും
ക്രൂരിരുൾ തപ്പുന്ന വൃദ്ധനേയും

തട്ടിമറിച്ചു കുതിച്ചു വിദ്ഗാൻ
ചാടിപ്പോയോടയിൽ ശ്വാസമില്ല!

മുന്തിരിച്ചാരായ മദ്യശാല-
യെന്തൊരു തിക്കും തിരക്കുമതിൽ!

ആവോളം പൈദാഹം പോക്കിടുവാൻ
കൈവന്ന സന്ദർഭം ഭാവുകം താൻ!

കട്ടുകുടിക്കുവാനാത്തി കൂടി
കൂട്ടുകാർ തമ്മിൽപ്പിടുത്തമായി!

പാത്രങ്ങൾ തല്ലിത്തകൎക്കയായി
മിത്രങ്ങൾ തമ്മിൽ പ്രഹരമായി!

നിൎഗ്ഗളിച്ചീടുന്ന നാലുപാട്ടും
മദ്യവും രക്തവുമൊന്നു പോലെ!

ബോധം മറിഞ്ഞാലുമിത്തരത്തിൽ
ഭ്രാന്താലയത്തിലും കാണുകില്ല!

മൎദ്ദനമേറേറാടി വീണൊരുത്തൻ
മദ്യമൊലിക്കുന്നൊരോട തന്നിൽ

പൈദാഹം തീൎത്തവനോട നക്കി
മദ്യമശേഷവുമുള്ളിലാക്കി!

നാറുന്ന ഹീനപദാൎത്ഥമേതും
ക്രൂരാന്നു തിന്നുന്ന കുക്കുരങ്ങൾ

മൎത്ത്യന്നമൃതാകും മദ്യമേതും
ഹന്ത! മണക്കാത്തതെന്തു ചിത്രം!!

ആദിത്യൻ പ്രോജ്ജ്വലമൂൎത്തിയായി
മേദിനി ചൈതന്യപൂൎണ്ണയായി

പാടവമേറിയ ചോരവൃന്ദം
നാട്ടുമുടിക്കുമാജംബുകങ്ങൾ!

കൈവന്ന സന്ദൎഭം പോയതോൎത്തു്
കൈകടിച്ചേററം നിരാശരായി!

ഉൽകൃഷ്ട സൃഷ്ടിയും ചിന്തകനുമായ മനുഷ്യൻ അവന്റെ സ്രഷ്ടാവായ ദൈവത്തെ നിഷ്കരുണം ക്രൂശിൽ തറച്ചു വധിക്കയാണു ചെയ്തതു്. ആ കൊടിയ പാതകം കാണുവാനുള്ള കഠിനഹൃദയം മനുഷ്യനുണ്ടായി! എന്നാൽ പ്രപഞ്ചത്തിലുള്ള നിൎജ്ജീവവസ്തുക്കൾക്കതു് ഇല്ലാതെപോയി! തന്മൂ

ലം സൂര്യൻ പ്രകാശരഹിതനാകുകയും ഭൂദേവി വിറകൊള്ളുകയും പാറകൾ സംഭിന്നമാകുകയും ഓർശ്ലേം ദേവാലയ യവനിക മുകൾ മുതൽ അടിവരെ കീറുകയുമാണുണ്ടായതു്. പ്രകൃതിയുടെ ഈവിധമുള്ള പ്രതിഷേധപ്രകടനങ്ങൾ ദശിച്ചിട്ടുപോലും മാനവഹൃദയത്തിനു ഒരു വ്യതിചലനമെങ്കിലുമുണ്ടായതായി കാണുന്നില്ല. പാറപോലെ കട്ടത്ത ഒരു ഹൃദയമായിരുന്നു ആ യഹൂദപ്രമുഖന്മാക്കുണ്ടായിരുന്നതു്. ക്രിസ്തു നിർദ്ദോഷിയാണെന്നറിഞ്ഞിട്ടും തന്നെ നിർദ്ദയം ഹിംസിക്കണമെന്നു വാദം ഉയത്തിയ ആ മനുഷ്യാധമന്മാരുടെ ഹൃദയത്തിനു ഒരു നേരിയ ചലനമെങ്കിലും വരുത്തുവാൻ ആക്കു കഴിയും?

പ്രാണവിരഹവായുക്കൾ ഓരോന്നായി വേർപെട്ടുകൊണ്ടിരുന്ന അന്തിമവേളയിൽ പോലും ധാതാവു് പാപികൾക്കുവേണ്ടി, അതേ തന്നെ ക്രൂശിൽത്തറച്ചവക്കുവേണ്ടി, പരമപിതാവിനോടു പ്രാത്ഥിക്കുകയാണല്ലോ ചെയ്യുതു്. "പിതാവേ, ഇവർ ചെയ്യുന്നതു് എന്തെന്നറിയായ്കകൊണ്ടു് ഇവരോടു ക്ഷമിക്കണമേ!" ഹാ! ഇതെന്തൊരു സാഹോദര്യമാണു്? ശത്രുക്കളെ സ്നേഹിക്കണമെന്നു അനുശാസ്സിക്കുന്നു. ക്രിസ്തു അന്ത്യവിനാഴികയിൽ പോലും ശത്രുക്കളെ സ്നേഹിക്കുകയും അവക്കുവേണ്ടി പിതാവായ ദൈവത്തോടു് മാദ്ധ്യസ്ഥ്യമത്ഥിക്കുകയും ചെയ്തു.

## II

കാൽവരി മാമല തന്മുകളിൽ
കാൽകരം കാരിരുമ്പാണികളാൽ

നിർദ്ദയം ക്രൂശിൽത്തറച്ചു കൊന്നു!

ക്രിസ്തുമഹേശനെ യൂദവൃന്ദം!

സർവ്വവുമൂഴിയിൽ പൂത്തിയാക്കി
നിർവ്വാണംപ്രാപിക്കുന്നേത്തുനാഥൻ

സോല്ലാസം വാഴവാൻ മത്ത്യനെന്നും
സ്വർലോകവാതിൽ തുറന്നു തന്നു.

ക്രിസ്തുവിനോടൊന്നിച്ചു തൻെറ വലത്തുഭാഗത്തു ക്രൂശിതനായിക്കിടന്നു മരണവേദന അനുഭവിച്ച തസ്ക്കരൻ പശ്ചാത്തപിച്ചു് ദൈവത്തിൽ ശരണപ്പെടുന്നു. ഉഛ്വാസം വിട്ടുകൊണ്ടിരുന്ന അന്തിമവേളയിൽ ക്രിസ്തു തൻെറ അനന്തമായ കരുണ ആ കൊടിയ തസ്ക്കരൻെറമേൽ വർഷിക്കുകയാണുണ്ടായതു്.

"വന്നിടുമെന്നോടുകൂടി നീയു-
മിന്നുതൻ 'പർദീസാ' തന്നിലെന്നു"

കല്പിച്ചു തമ്പുരാൻ കള്ളനോടു്
നല്ലേറമാർദ്രതയെന്തുമാത്രം!

സ്നേഹത്താൽ പ്രതിയോഗികളെ പരാജിതനാക്കിയ ക്രിസ്തു മൃതി അടഞ്ഞു് ഒരു മരക്കുരിശിൽ തൂങ്ങിക്കിടക്കുന്നു. തൻെറ നിർമ്മലശോണിതം എന്തിനുവേണ്ടിയും ആർക്കുവേണ്ടിയും ലോകത്തിൽ ചിന്തി താൻ മൃതി അടഞ്ഞുവെന്നു ഇന്നത്തെ പരിഷ്കൃതാശയർ ചിന്തിക്കുന്നില്ല. ആ തിരുശ്ശരീരം കുരിശിൽനിന്നു താഴെ ഇറക്കി സംസ്കരിക്കുന്നു.

പുത്തൻ പ്രേതാലയമൊന്നിലവർ
കർത്താവിൻ പൂമേനി സംസ്ക്കരിച്ചു

വാതിലടച്ചവർ മുദ്രവച്ചു
വാതുക്കൽ പട്ടാളം കാവലായി

കല്ലറ ചുററമായ് തപ്തരാകും
മല്ലാക്ഷിമാരശ്രു തൂകിടുന്നു!

ക്രിസ്തു മൂന്നാം ദിനം ഉയിർത്തെഴുന്നേല്ക്കുമെന്നു പ്രവചനമുള്ളതിനാൽ ശത്രുക്കൾ പ്രേതാലയകവാടം ബലമായി അടച്ചു മുദ്രവെക്കുകയും രാപകൽ പട്ടാളത്തെ കാവൽനിറുത്തുകയും ചെയ്തു. രഹസ്യത്തിൽ ആരെങ്കിലും മൃതശരീരം മാററി

ക്രിസ്തു ഉയിർത്തെന്നു പറയുവാൻ ഇടവരരുതെന്നു കരുതി യഹൂദന്മാർ ചെയ്ത മുൻകരുതലുകൾ ആയിരുന്നു അതെല്ലാം.

മിന്നിടും കാന്തിയാർന്നേശുനാഥൻ
മൂന്നാംദിനത്തിലുയിർത്തിടുന്നു!

താനേ തുറന്നു കവാടം യേശു
വാനിലുയരുന്ന തേജോപുഞ്ജം!

കല്ലറ കാത്തു കിടന്ന സൈന്യം
വല്ലാതെ സംഭ്രമിച്ചോടി ശീഘ്രം

വിണ്ടലാധീശന്റെ ദിവ്യതേജസ്സ്
കണ്ടവരന്ധരായ് വീണു പോയി!

ശേഷിച്ച പ്രാണന്റെ രക്ഷയോർത്ത്
ശീഘ്രമുയർത്താതെ മണ്ണുകപ്പി!

നേരം പ്രഭാതമായ് വന്നിടുന്നു
നാരികൾ കല്ലറ സന്ദർശിപ്പാൻ

വാതിൽ തുറന്നു കിടന്നു കണ്ടു
പ്രേതാലയത്തിലില്ലേശുനാഥൻ!

പ്രവചനം പോലെ യേശുക്രിസ്തു ഉയിർത്തെഴുന്നേററ വാർത്ത നാടാകെപ്പെട്ടെന്നു വ്യാപരിച്ചതുമൂലം യഹൂദശത്രുക്കൾ വല്ലാതെ അമ്പരന്നു. യാഥാർത്ഥ്യം പ്രത്യക്ഷമായാൽ അവരുടെ നില പരുങ്ങലിലാകും. ലോകം ഒന്നാകെ അവരെ പഴിച്ച് ഉപേക്ഷിക്കുമെന്നും ക്രിസ്തുവിൽ ജനം വിശ്വസിച്ചുപോകുമെന്നും അവർക്കറിയാം. ഗത്യന്തരമില്ലാതെ കാവൽപ്പടയ്ക്കു വമ്പിച്ച കോഴ കൊടുത്തിട്ടെങ്കിലും സത്യം മറയ്ക്കുവാൻ അവർ തീരുമാനിച്ചു.

സത്യമൊതുക്കുവാൻ കാവൽസൈന്യം
യൂദന്മാരേകിയ കോഴവാങ്ങി!

കോഴയാം രാക്ഷസി നൃത്തം ചെയ്താ–
ലേഴകൾക്കാലംബമാരു പിന്നെ?

നേരുതെളിഞ്ഞാലും ന്യായമെല്ലാം
നേരേ മറിഞ്ഞുപോം രക്ഷയില്ല!

വാദി പ്രതിക്കൂട്ടിൽ ചെന്നടിയും
യാഥാർത്ഥ്യം ചൊന്നാലും കുററപത്രം?

പണ്ഡിതൻ പമ്പരവിഡ്ഢിയാകും
ദണ്ഡിതർക്കാശ്രയം രാജവീഥി!

സാഹിതീഗന്ധമറിഞ്ഞിടാത്തോൻ
സാഹിത്യകോകിലസ്ഥാനിയാകും

കൈക്കൂലികൊണ്ടൊന്നു സൽകരിച്ചാൽ
ചിക്കെന്നൊരുദ്യോഗം കൈക്കലാക്കാം.

ആശാരഹിതരാമധ്യേതാക്കൾ
കാശുമായോടി ജയിച്ചിടുന്നു!

നീതിയും സത്യവും കൊന്നൊടുക്കും
പാതകം! കൈക്കൂലിച്ചന്ദ്രഹാസം!!

ഭീതരും ദുഃഖിതരുമായ ശിഷ്യഗണത്തെ ആശ്വസിപ്പിക്കുവാൻ ക്രിസ്തു ആദ്യമായി ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട അവസരത്തിൽ വി. തോമ്മാശ്ലീഹാ ഇല്ലായിരുന്നു. സംതൃപ്തി നേടിയ ശിഷ്യന്മാർ ആ സന്തോഷവാർത്ത തോമ്മായെ അറിയിച്ചു. എന്നാൽ തോമ്മാശ്ലീഹാ അതു വിശ്വസിച്ചില്ല.

“ആണിപ്പഴുതും തൻ മാറിടവും
പാണിയാൽ ഞാനൊന്നു സ്പർശിക്കാതെ

യേശുമഹേശനുയിർത്ത വാർത്ത
വിശ്വസിക്കില്ല”താനെന്നു തോമ്മാ!

"ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ടനേര-
മെങ്ങുപോയ് ചെങ്ങാതി"യെന്നൊരുത്തൻ

"കൂട്ടം വിട്ടൊററതിരിഞ്ഞു പോയാൽ
കിട്ടുകില്ലീഭാഗ്യം" മററൊരുത്തൻ

"ഒററയ്ക്കുഭീരുവായ് നിർഗ്ഗമിച്ചാൽ
പററില്ലപ്പോം മേലിലുമെൻെറ തോമ്മാ!

മൂന്നാം നാൾ ദൈവമുയിക്കുമെന്നു
ചൊന്നതു കഷ്ടം! മറന്നുവെന്നോ"!

ഭയവിഹ്വലരായ ശിഷ്യഗണം ഒരു ഗൃഹത്തിൽ ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്നു. സമയം അർദ്ധരാത്രി കഴിഞ്ഞതു് അവർ അറിയുന്നില്ല. കവാടങ്ങൾ അടച്ചുപൂട്ടി കിടന്നിട്ടും അവക്കു ഉറക്കം വരുന്നില്ല. ദിവ്യഗുരുവിനോടൊന്നിച്ചായിരുന്നപ്പോൾ ഔചിത്യം പോലും ലംഘിച്ചു് അവർ ഗാഢനിദ്ര ചെയ്തിരുന്നു. ഞാൻ മരണവേദന അനുഭവിക്കുന്നു; ഒരു മണിക്കൂർ നേരമെങ്കിലും ഉണന്നിരുന്നു പ്രാർത്ഥിച്ചു് എന്നെ ആശ്വസിപ്പിക്കുക എന്നിങ്ങനെ ഗത്സമേൻ തോട്ടത്തിൽവച്ചു് ക്രിസ്തു ചെയ്ത അഭ്യർത്ഥന അവർ അവഗണിച്ചു കിടന്നുറങ്ങുകയാണു ചെയ്തതു്. രക്ഷകൻെറ രക്തം വിയത്തു രോമകൂപങ്ങളിൽ കൂടി നിർഗ്ഗളിച്ച വേളയിൽപോലും ഗാഢനിദ്ര അവലംബിച്ച ശിഷ്യന്മാക്കു്, ഇപ്പോൾ ഉറക്കംവരുന്നതേയില്ല. അന്നത്തെ ഔചിത്യമില്ലായ്മയ്ക്കു ഇന്നവർ പരിഹാരം ചെയ്യുന്നു.

മാനവഭീകരപാപഭാരം
മാനവപുത്രൻ വഹിച്ചനേരം

പാരിച്ചവേദനയാൻ ക്രിസ്തു
ചോരവിയത്തുപോയ് പൂവനത്തിൽ

ആശ്വാസം നല്കേണ്ടോർ നിദ്ര ചെയ്തു
കാശിനുകൊള്ളാത്ത മുക്കുവന്മാർ!

ഉറക്കമൊഴിഞ്ഞു രാത്രിമുഴുവനും മത്സ്യവേട്ടയും പകൽ കുംഭകർണ്ണസേവയും നടത്തുന്ന മുക്കുവന്മാർക്കു ഒരു മണിക്കൂർ നേരമെങ്കിലും രാത്രിയിൽ ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ പാടില്ലെങ്കിൽ അവർ കാശിനുകൊള്ളാത്ത മുക്കുവന്മാരാണ്. ക്രിസ്തുവിനോടുകൂടിയായിരുന്നപ്പോൾ പാവങ്ങൾ യാതൊരു മനഃക്ലേശവുമില്ലാതെ കിടന്നുറങ്ങി. എന്നാൽ ഇപ്പോൾ അവർ നിരാശ്രയരായ ഭീരുക്കൾ! അർദ്ധരാത്രി കഴിഞ്ഞിട്ടും നിദ്രാദേവിപോലും അവരെ വെറുക്കുന്നു.

ഹന്ത! കവാടങ്ങൾ ഭേദിക്കാതെ
കാന്തികലർന്നൊരു ദിവ്യമേനി

ദിവ്യാഭ വീശുന്നു നാലുപാടും
പാവന ശിഷ്യന്മാരമ്പരന്നു!!

പുഞ്ചിരിച്ചന്ദ്രിക തൂകിനില്പൂ
രോമാഞ്ചകഞ്ചുകരായി ശിഷ്യർ!

യേശുമിശിഹാ തൻ ശിഷ്യർക്കെല്ലാ-
മാശ്ശീസു നല്കിക്കൊണ്ടേവമോതി:-

"ആണിപ്പഴുതുമെൻ മാറിടവും
കാണുക തോമ്മാ നീ സ്പർശിച്ചാലും!"

തമ്പുരാൻ തൻതേജോപുഞ്ജം കണ്ടു-
മിമ്പമാം തൻമധുവാണി കേട്ടും

ശിഷ്യന്മാർ കുമ്പിട്ടു കൂപ്പുകൈയാൽ
ഹർഷാശ്രു തൂകുന്നു വത്സലന്മാർ

വിശ്വാസം നേടുവാനക്ഷണത്തിൽ
സ്പർശിച്ചു തൻവിരൽ കൊണ്ടു തോമ്മാ.

സന്ദേഹം തീർന്നപ്പോളേററു ചൊല്ലി
"മാമക കർത്താവും ദൈവവും നീ."

"കണ്ടതുകൊണ്ടു നീ വിശ്വസിച്ചു
ഭാവുകർ കാണാതെ വിശ്വസിപ്പോർ."

ഏവം തിരുവാമൊഴിഞ്ഞ ശേഷ-
മവ്യയനദൃശ്യനായി പോലും!

യേശുമഹേശനെക്കണ്ടു ശിഷ്യ-
രാശ്വാസവായ്പിനാൽ നിദ്ര ചെയ്തു.

ക്രിസ്തുവിൻെറ ഉയിപ്പിനെക്കുറിച്ച് വ്യക്തമായ തെളിവ് തോമ്മാശ്ലീഹാ തൻെറ കരസ്പർശനത്താൽ അനിഷേധ്യമാംവിധം ലോകത്തിനു പ്രദാനം ചെയ്തുകഴിഞ്ഞു. പെന്തക്കൊസ്തുദിനം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ശിഷ്യന്മാർ ലോകം മുഴുവനും സുവിശേഷം അറിയിക്കുവാൻ സന്നദ്ധരായി ഇറങ്ങുകയും ചെയ്തു. അന്നേദിവസം വി. പത്രോസ് ചെയ്ത അത്ഭുതകരമായ പ്രസംഗം വിവിധ രാജ്യക്കാരായ ശ്രോതാക്കൾ അവരവരുടെ ഭാഷയിൽ ശ്രവിക്കുകയും മൂവായിരത്തോളം വരുന്ന ഒരു ജനതതി മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിക്കുകയുമുണ്ടായി. ശിഷ്യന്മാർ നിർഭയം യാത്രകഴിച്ചു ലോകത്തിൻെറ നാനാദിക്കിലും സുവിശേഷജോലി ചെയ്തു. ക്രിസ്തുമതപ്രചരണാർത്ഥം നിഷ്കർമിച്ച് ജോലിചെയ്ത ശിഷ്യന്മാരിൽ വി. യോഹന്നാൻ ഒഴിച്ച് മററുള്ളവരെല്ലാം സഭയ്ക്കുവേണ്ടി അവരുടെ രക്തം ചിന്തി മരിക്കുകയാണുണ്ടായതു്.

## III

(മഞ്ജരി)

ഈഹൂദാദേശനിവാസിയാം മാർതോമ്മാ
യീഹൂദാഗോത്രജൻ പാവനാംഗൻ

സ്വന്തഭവനവും ബന്ധുമിത്രാദിയും
ഹന്ത! സമ്പാദ്യവും കൈവെടിഞ്ഞു

ആടലശേഷവുമേശാതെ പ്രേഷിതൻ
കാട്ടും കടലും കടന്നിട്ടുന്നു.

പാലസ്റ്റയിൻ ചുററി യാത്രതുടൎന്നവൻ
പേഷ്യാ, കമ്മേനിയാ യെന്നു വേണ്ടാ

വൻമരുഭൂഖണ്ഡമാകുമറേബിയാ
തന്നിലും താൻ സുവിശേഷമോതി.

ക്രിസ്തുവിൻ സാമ്രാജ്യം വിസ്തൃതമാക്കുവാൻ
നിസ്തുലൻ നിത്യവും ജോലിചെയ്തു.

ശുദ്ധസുവിശേഷവേദപ്രഭാഷണം
സന്തതം നിർഭയം നിർവ്വഹിച്ചു.

അജ്ഞാനകൂപാന്ധകാരത്തിലാണ്ടവർ
വിജ്ഞാനദീപത്തിൻ ദീപ്തികണ്ടു.

ചാതുര്യമേവം തൻ ഭാഷണം ശ്രദ്ധിച്ചു
ശ്രോതാക്കൾ ക്രിസ്തുവിൽ വിശ്വസിച്ചു.

ക്രിസ്തീയതത്വങ്ങളുത്തമരത്നങ്ങൾ
മുക്തിക്കുതകുന്ന മാൎഗ്ഗമെന്നും

സമ്മതിച്ചീട്ടുന്നു സജ്ജന താതികർ
സമ്മോദം കൈക്കൊണ്ടു ജ്ഞാനസ്നാനം.

ചൊല്ലിക്കൊടുക്കുന്നു വിശ്വാസസത്യങ്ങൾ
നല്ലപോലെല്ലാരുമഭ്യസിച്ചു.

അവ്യയസാമ്രാജ്യം വ്യാപ്യതമാക്കുവാ-
നാവോളം യത്നിച്ചു മാമുനീന്ദ്രൻ

കുന്നും കുഴികളും മാമലയും കേറി
ചെന്നു ചേരുന്നോരോ ഗ്രാമത്തിലും

ഭാരതത്തിൽ ചോളരാജ്യം ഭരിച്ചുകൊണ്ടിരുന്ന ശ്രുദപ്പേർ മഹാരാജാവിനു് ഒരു ദശ്നമുണ്ടായി. അതിമനോഹരമായ ഒരു പാരത്രീകകൊട്ടാരം സ്വപ്നത്തിൽ ദശിക്കുകയും തനിക്കു ഒരു അരമന അതിനു തുല്യമായി ഇഹത്തിൽ നിമ്മിക്കണം എന്നൊരു ആഗ്രഹം ജനിക്കുകയും ചെയ്തു. എന്നാൽ വിദഗ്ധരായ ശില്പികളെ ആരാഞ്ഞതിൽ ആരേയും കണ്ടെത്തിയില്ല. രാജ്യമാകെ വിളംബരം ചെയ്തിട്ടും ആരും അടുത്തില്ല. ദശ്നമല്ലാതെ മറ്റൊരു പ്ലാനും രാജാവിനു ഇല്ലാതിരുന്നതിനാൽ കൺട്രാക്റ്റു് എടുത്തു കൊട്ടാരം കെട്ടുവാൻ ആരും തുനിഞ്ഞതുമില്ല.

ഹാവാൻ എന്നൊരു കപ്പൽ വ്യാപാരി പരദേശത്തുനിന്നു ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നു് അറിഞ്ഞു ശ്രുദപ്പേർ രാജാവു് അയാളെ കൊട്ടാരത്തിൽ വരുത്തി വിവരം ധരിപ്പിച്ചു. പരദേശത്തുനിന്നു ഒരു ശില്പിയെ വരുത്തിക്കൊടുക്കാമെന്നു കരാർചെയ്തു്, ഒരു വമ്പിച്ച തുക അച്ചാരം വാങ്ങി ഹാവാൻ രാജധാനി വിട്ടു. ശില്പിയെ തേടി പുറപ്പെട്ട കപ്പൽ വ്യാപാരി രാജ്യമായ രാജ്യമെല്ലാം ചുററിത്തിരഞ്ഞിട്ടും വെറും ഒരു ദിവാസ്വപ്നത്തെ ആധാരമാക്കി മനോഹരമായ ഹമ്മ്യം നിമ്മിക്കുവാനുള്ള പാടവം സിദ്ധിച്ച തച്ചന്മാരെ ലോകത്തിൽ ഒരിടത്തും കണ്ടെത്തിയില്ല. ഹാവാൻ ഒടുവിൽ വിഷണ്ണനായി പശ്ചാത്തപിക്കുന്നു.

അച്ചാരംവാങ്ങിപ്പോയീശ്വരാ! ഞാനീനി-
ത്തച്ചനെത്തേടുവാൻ രാജ്യമില്ല.

കഷ്ടം! ഞാനോക്കാതെ വാക്കുകൊടുത്തുപോയ്,
കഷ്ടകാലമെന്നേ ചൊൽക വേണ്ടു.

കപ്പൽവ്യാപാരം തുടരുന്നതെങ്ങനെ
കപ്പലിൻ കൂലിയും നഷ്ടമായി!

വ്യാപാരം ചെയ്യുവാനിൻഡ്യയിലെത്തിയാൽ
ഭൂപാലനെന്നെപ്പിടിക്കുമല്ലോ!

ഈവിധചിന്തയാലാർത്തനായ് വ്യാപാരി
ജീവിതം പാഴായതോർത്തുകേണു!

ചിന്തിക്കാതച്ചാരം വാങ്ങിയതെന്തു നീ,
ഹന്ത! ദ്രവ്യാഗ്രഹത്തള്ളലല്ലീ!

പ്ലാനെന്നുമില്ലാതെ കൊട്ടാരം നിർമ്മിക്കാൻ
പാടവമാർന്നോൻ പിറന്നതുണ്ടോ?

സ്വപ്നത്തിനൊപ്പിച്ചു കൊട്ടാരം കെട്ടുവാൻ
കെല്പാർന്നശില്പിയെത്തേടേണ്ടിനി!

തെല്ലുമൊരാശ്വാസം പോലും ലഭിക്കാതെ
വല്ലാതെ പാവം! നിരാശനായി!

നിശ്വാസം വായ്ക്കുന്ന വാഗ്ദാനമോർക്കുമ്പോ–
ളാശ്വാസമേലാഞ്ഞു സന്നതാംഗൻ!

ആശ്വാസഹീനരായ സാധുക്കളെ സമാശ്വസിപ്പിക്കുന്ന ഒരു മഹായോഗി നാടാകെ ചുററിനടക്കുന്ന വിവരം അറിഞ്ഞു ഹാവാൻ തോമ്മാശ്ലീഹായെ സമീപിച്ച് വിവരം ധരിപ്പിക്കുന്നു. മാമുനിയുടെ കാൽക്കൽ വീണു് പശ്ചാത്തപിച്ച ഹാവാനെ തോമ്മാശ്ലീഹാ ഈവിധം സമാശ്വസിപ്പിക്കുന്നു:–

ആടലാർന്നീവിധം ശില്പിയെത്തേടി നീ,
നാടാകെയോടിയാൽ കാണുകില്ല.

മോടിയിൽ പൂമേട തീർത്തിടാമെൻ ഗുരു
പാടവമേറിയ വിശ്വശില്പി!

ഭാരതഭൂമിയിൽ വന്നു ഞാൻ ചെയ്തിടാം
സാരമില്ലിക്കാര്യം ക്ഷിപ്രസാദ്ധ്യം!

വാടിത്തളർന്നൊരു വ്യാപാരി ഭാഗ്യവാൻ!
തേടിയവല്ലിതൻ കാലിൽ ചുററി!

ശിഷ്യൻെറ സാമീപ്യം പ്രാപിച്ച ഹാവാൻെറ
കഷ്ടകാലം തീൎന്ന കാൽക്ഷണത്തിൽ!

"തെല്ലുംമടിയാതെ ഗുദപ്പേർ രാജന്നു
നല്ലൊരു കൊട്ടാരം തീൎക്കവേണം

അങ്ങല്ലാതില്ലാരുമിമ്മന്നിൽ മാമുനി–
യങ്ങു കനിയാതെ രക്ഷയില്ല."

"ദൈവനിവേശിതമെങ്കിൽ ഞാൻ വന്നിട്ടും
ഹാവാനെ ഞാനന്നു് കണ്ടുകൊള്ളാം."

കപ്പൽക്കൂലിക്കുള്ള നാണയം നല്കിയാ–
വ്യാപാരിയപ്പൊഴേ യാത്ര ചൊല്ലി.

സംതൃപ്തനായവനെത്തുന്നു പാണ്ടിയിൽ
വാൎത്തയുണൎത്തിച്ചു രാജേന്ദ്രനെ.

പാൎത്തിരുന്നീടുന്നു ഹാവാനാശില്പിയെ
പാൎത്ഥിവനക്ഷമനായിടുന്നു!

തനിക്കു കൈവന്ന സൗകൎയ്യം ദൈവനിവേശിതമെന്നു നിരൂപിച്ചു് ഒരു ഹിന്ദുരാജ്യമായ ഇൻഡ്യയിലേക്കു തോമ്മാശ്ലീഹാ ഏകനായി പുറപ്പെടുന്നു. ഇതരരാജ്യങ്ങളിൽ ശ്ലീഹന്മാർ ഈരണ്ടുപേർവീതം പോയിരുന്നതായി കാണുന്നു. എന്നാൽ വി. തോമ്മാശ്ലീഹാക്കു ദൈവമല്ലാതെ വേറാരെങ്കിലും ഒരു കൂട്ടുണ്ടായിരുന്നതായി കാണുന്നില്ല. പരിശുദ്ധൻ തൻെറ തൃപ്പാദം ആദ്യമായി ഊന്നിയതു് കേരളത്തിലാണെന്നു സാഭിമാനം നമുക്കു പറയുവാൻ കഴിയും. ഇന്നു കൊടുങ്ങല്ലൂർ അഴീക്കലുള്ള ആ വിശുദ്ധൻെറ ദേവാലയത്തിൽ (St. Thomas Shrine) തിരുശ്ശേഷിപ്പു് സ്ഥാപിച്ചതുമൂലം കേരളം ഏററം അനുഗ്രഹീതയായിരിക്കുന്നു.

## IV

കൊച്ചുതുറാമുഖമാകും കൊടുങ്ങല്ലൂർ
പ്രാചീനകേരള രാജധാനി

ക്രിസ്താബ്ദമൻപത്തിരണ്ടിൽ തൻ തൃപ്പദം
കുത്തുന്നു മാർതോമ്മായപ്പുരിയിൽ.

ചാരുമനോഹരവൃക്ഷലതാദികൾ,
കേരളം കൗതുകമാന്നു ചുററി,

സ്വച്ഛതയാന്നൊരു പച്ച വിരിച്ചതാം
പുഞ്ചപ്പാടങ്ങളും കണ്ടു ധന്യൻ.

സ്വാഗതഗാനങ്ങളാലപിച്ചീടുന്നു
ഭംഗിയായ് കോകിലം പ്രത്യൂഷത്തിൽ

ശീഷ്മം കുനിച്ചോരോ നെൽകതിരേശുവിൻ
ശിഷ്യനെ സാദരം വന്ദിക്കുന്നു.

കല്പവൃക്ഷം തലയാട്ടി നമിക്കുന്നു
ശില്പിക്കു ഭാവുകം നേന്നിടുന്നു!

അപ്പരദേശി തൻ ഭാഷണ മാധുര്യ-
മെപ്പോഴും മർത്ത്യരെയാകഷിപ്പൂ.

സംസ്ക്കാരസമ്പന്ന രാജപ്രഭൃതികൾ
സംസ്കൃതപണ്ഡിതർ, പാമരന്മാർ;

ഉന്നതബ്രാഹ്മണരെന്നു വേണ്ടേവനും
തന്നെ ശ്രവിക്കുവാനെത്തി പോലും!

മാനവരക്ഷക്കായ് യേശുമഹേശ്വരൻ
മാനുഷാവതാരം ചെയ്തുവെന്നും

നിർദ്ദയം ശത്രുക്കൾ ക്രൂശിൽ തറച്ചെന്നും
രക്തത്താൽ ലോകത്തെ രക്ഷിച്ചെന്നും

നല്ലോരു ജീവിതം പേറുന്ന മർത്ത്യന്
സ്വർല്ലോകസമ്മാനം നല്കുമെന്നും

നിത്യവുമുദ്ഘോഷിച്ചീടുന്നു മാർതോമ്മാ
സത്യേക ദൈവത്തിൽ വിശ്വസിപ്പാൻ.

ജിജ്ഞാസുവായവർ ദൂരെ നിന്നെത്തുന്നു
വിജ്ഞാനോപദേശം കേട്ടീടുവാൻ

സാവജ്ഞം വീക്ഷിച്ച യാഥാസ്ഥിതികന്മാ-
രാവോളം തന്നെ വെറുത്തെങ്കിലും

ഏവനുമാശ്ചര്യം ക്രറുന്നു യോഗി തൻ
ജീവിതസ്വച്ഛത, നിർമ്മലത്വം

ചേതോഹരമായ ഭാഷണം, തീക്ഷ്ണത,
ചൈതന്യ, മെന്നിവ കാണുന്നേരം.

ഉത്തുംഗബ്രാഹ്മണപണ്ഡിതരൊട്ടുപേർ
സത്യേക ദൈവത്തിൽ വിശ്വസിച്ചു

കൈവല്യലബ്ധിക്കായ് വിശ്വസിച്ചോരെല്ലാം
കൈവരിച്ചീടുന്നു ജ്ഞാനസ്നാനം.

ഹാവാനെക്കാണുവാൻ യാത്ര പുറപ്പെട്ടു
പാവനശീലനാം തോമ്മാശ്ലീഹാ.

നാട്ടിൻ പുറങ്ങളും കുട്ടിവനങ്ങളും
തോട്ടം തടാകവുമാടലെന്യേ

നിർഗ്ഗമിച്ചീടുന്നു ദീർഘമാം ദുർഘട--
മാർഗ്ഗത്തിലൂടവൻ സാന്ദ്രമോദം!

മഞ്ജുളഗീതിയാൽ മംഗളം നേരുന്നു
പഞ്ജരം തന്നിലെ പൈങ്കിളികൾ

വന്യതരുക്കളിൽ നിന്നുററുനോക്കുന്നു
വാനരശ്രേണികൾ സാനുഭാവം!

യാമം തോറുമവൻ പ്രാർത്ഥിച്ചുമീശ്വര
നാമം ജപിച്ചും നടന്നിടുന്നു.

വാസരോദയത്തിൽ കീരങ്ങളൊത്തവൻ
യേശുമഹേശനെ വാഴ്ത്തിക്കൊണ്ടും

കാന്താരം തന്നിലെ കാകനിയൊന്നിനാൽ
സന്ത്യാഗി പൈദാഹം പോക്കിക്കൊണ്ടും

ഖിന്നത ലേശവുമേശാതെ പാണ്ടിയിൽ
ധന്യനാം മാർ തോമ്മാ കാലു കുത്തി.

വാർത്ത ഗ്രഹിച്ചുടനെത്തുന്നു ഹാവാൻ ത-
ന്നുത്തുംഗശില്പിയെ സ്വീകരിപ്പാൻ

തത്രപ്പെട്ടീടുന്നു ഗൂദപ്പേർ തച്ചനെ-
യെത്രയും വേഗത്തിലൊന്നു കാണ്മാൻ

ആനയിച്ചീടുന്നു ശില്പിയെ വ്യാപാരി
രാജപ്രമുഖൻെറ സന്നിധിയിൽ!

ഹാവാൻ തിരുമനസ്സുണർത്തിക്കുന്നു. മഹാരാജാവേ! രാജ്യമായ രാജ്യമെല്ലാം തിരഞ്ഞശേഷം അടിയൻ നിരാശനായി വിഷമത അനുഭവിച്ചുകൊണ്ടിരുന്ന അവസരത്തിലാണു് അവിടുത്തെ ഭാഗ്യാതിരേകത്താൽ വിശ്വശില്പിയുടെ ശിഷ്യനും മതപ്രസംഗകനുമായ തോമ്മായെന്ന ഈ മഹാശില്പിയെ കണ്ടുമുട്ടിയതു്. ഇൻഡ്യയിൽ വന്നു രാജകൊട്ടാരം നിർമ്മിച്ചുതരാമെന്നു ഇദ്ദേഹം സമ്മതിക്കുകയും ചെയ്തു. ക്ലേശഭൂയിഷ്ഠവും

അപകടമേറിയതുമായ കടൽയാത്ര കഴിച്ചു് ഇവിടെ വന്നതു് ഇദ്ദേഹത്തിൻെറ മഹാമനസ്കത ഒന്നുകൊണ്ടുമാത്രമാണു്.

മഹാരാജാവു് സന്തുഷ്ടനായി തോമ്മായോടു ചോദിക്കുന്നു. ഞാൻ സ്വപ്നത്തിൽ ദശിച്ചതുപോലെ മനോഹരമായ ഒരു രാജകൊട്ടാരം നിമ്മിച്ചുതരുവാൻ നിങ്ങൾക്കു കഴിയുമോ? അവിടുന്നു ദശിച്ചതിലും ഉപരിയായ ഒന്നു അങ്ങേയ്ക്കുവേണ്ടി തയ്യാർചെയ്യുവാൻ അടിയനു കഴിയും എന്നു പറഞ്ഞു തോമ്മാശ്ലീഹാ ഒരു പ്ലാൻ വരച്ചുകാണിക്കുന്നു. മഹാരാജാവു് അതീവതുഷ്ടനായി, ഇതുതന്നെയാണു് താൻ ദശിച്ചതെന്നും ഇത്തരത്തിൽ ഒന്നു നിർമ്മിച്ചു കൊടുക്കണമെന്നും ആവശ്യപ്പെട്ടു.

മഹാരാജാവേ! കണ്ണുകൾ കണ്ടിട്ടില്ലാത്തതും കണ്ണങ്ങൾ ശ്രവിച്ചിട്ടില്ലാത്തതും ഹൃദയസങ്കല്പനത്തിനു അസാദ്ധ്യമായതും ആയ ഒരു പാരത്രികമന്ദിരമാണു് അവിടുന്നു ദശിച്ചതു്. അതിൽ പ്രവേശിക്കുന്നവർ ആനന്ദപുളകിതരാകുന്നു. അതിൽ പ്രവേശിക്കുവാനുള്ള മാഗ്ഗം എന്തെന്നറിയാവുന്നവർ തന്നെ ഇഹത്തിൽ വിരളമാണു്. അടിയൻെറ ഗുരുവരനായ വിശ്വശില്പിയുടെ ഉപദേശാനുസാരം ജീവിക്കുന്നവക്കു മാത്രമേ വിജ്ഞാനം സിദ്ധിക്കയുള്ളു. അവണ്ണ്യനീയവും സുരക്ഷിതവും സനാതനസൗഭാഗ്യപൂണ്ണകേന്ദ്രവുമായ ഒരു പാരത്രികഭവനം രാജപ്രഭൃതികൾക്കുവേണ്ടി തയ്യാറാക്കാൻ ഞാൻ സന്നദ്ധനാണു്. മഹാരാജാവും പ്രജകളും ഒരുപോലെ ആനന്ദാഭിമാനം കൊള്ളത്തക്കവിധത്തിലുള്ള ഒരു കൊട്ടാരനിമ്മാണത്തിനു ഇന്നുമുതൽ പരിശ്രമിക്കാം. ആയതിനു അവിടുന്നു കല്പിച്ചു് അനുഗ്രഹിച്ചാൽ മാത്രം മതിയാകുന്നതാണു്. നിസ്സഹായകനും വിദേശിയുമായ അടിയനു വേണ്ട ഒത്താശകൾ കല്പിച്ചനുവദിക്കാതെ ഒന്നും സാദ്ധ്യമല്ലെന്നുകൂടിയും തിരുമനസ്സുണത്തിച്ചുകൊള്ളുന്നു. തോമ്മായുടെ സംസാരം രാജാവിനെ സംതൃപ്തനാക്കുകയും കൊട്ടാരത്തിനു ഉതകിയ സ്ഥലം രാജ്യത്തിൽ എവിടെയെങ്കിലും കണ്ടുപിടിച്ചു് പണി ഉടൻ ആരംഭിക്കണമെന്നും ആയതിനു വരുന്ന ചിലവു് മുഴുവൻ കൊട്ടാരംവക ഖജനാവിൽനിന്നു തരുന്നതാണെന്നും ഗുദപ്പേർ രാജാവു് കല്പിക്കുകയും ചെയ്തു. മഹാരാജാവും പ്രജകളും ഒരുപോലെ നിർവൃതി അടഞ്ഞെങ്കിൽ മാത്രമേ അടിയൻെറ യത്നം ഫലപ്രദമാകയുള്ളു. ഉടൻതന്നെ

ജോലിയിൽ പ്രവേശിക്കുന്നതാണെന്നു പറഞ്ഞു ശ്ലീഹാ രാജസന്നിധിയിൽനിന്നു യാത്രപുറപ്പെടുന്നു. വമ്പിച്ച തുക ഖജനാവിൽനിന്നു തനിക്കു കിട്ടിയതും കൊണ്ടു് സുവിശേഷജോലി നിർവ്വഹിക്കുന്നു.

## ഗുദപ്പേർ രാജൻെറ കൊട്ടാരനിർമ്മാണം

സാധുജനത്തിൻെറ നല്ലകാലം!

കിട്ടിയ നാണയമോരോന്നും മാമുനി
പട്ടിണിപ്പാവങ്ങൾക്കേകിടുന്നു.

സൂക്തിരത്നം മുനി വാരി വിതറിയും
മുക്തിക്കായ് മർത്ത്യരെയാനയിച്ചും

നിർത്താതെ യാത്ര തുടർന്നവനേകനാ-
യെത്തീടുന്നുത്തര ഭാരതത്തിൽ.

എമ്പാടും ചുററുന്ന ശ്ലീഹായെ നാട്ടുകാർ
കമ്പിതചിത്തരായ് നോക്കി നിന്നു.

മന്ത്രവാദീയവനെന്നോതി പാമരർ
സംഭ്രമിച്ചപ്പൊഴേയാദരിച്ചു.

ആരണ്യംവിട്ടൊരു യോഗിയെന്നായ് ചിലർ
ചാരത്തണഞ്ഞു നമസ്ക്കരിച്ചു.

ആവശ്യമുള്ളതും ചെയ്തുകൊടുക്കുവാൻ
പാവങ്ങൾ സന്നദ്ധരായെത്തുന്നു.

ജ്ഞാനോപദേശങ്ങൾ നന്നായ് ഗ്രഹിക്കുവാൻ
മാനവസഞ്ചയം കൂടി ചുററും

ഏകനാണീശ്വരനെന്നു താനോതുന്ന
ലോകമതെങ്ങനെ വിശ്വസിക്കും?

നാട്ടിലും കാട്ടിലും കൊട്ടാരം തന്നിലും
കോടിക്കണക്കിനു വിഗ്രഹങ്ങൾ!

ആരാധിച്ചീടുന്നു പാമരപണ്ഡിതർ
പോരെങ്കിൽ മന്നവമന്ത്രിമാരും.

സൂര്യനും ചന്ദ്രനും മിന്നൽക്കൊടികളും
വാരിയും മാരിയും സാഗരവും

സർപ്പവുമഗ്നിയും ദേവനായ് പൂജിപ്പ-
തപ്പസ്തോലൻ കണ്ടു കൈകടിച്ചു.

കുഗ്രാമം തന്നിലും ചെന്നവൻ വ്യക്തമാ-
യുദ്ഘോഷിച്ചീടുന്നു ക്രിസ്തുമതം.

വിഗ്രഹം ദൂരെത്ത്യജിക്കുന്നു ഗ്രാമീണ-
രാഗ്രഹിച്ചു തന്നെ പിന്തുടരാൻ

ശാസ്ത്രജ്ഞർ പണ്ഡിതരെന്നുവേണ്ടേവർക്കും
തത്ത്വോപദേശം താൻ ചെയ്തിടുന്നു.

തർക്കിച്ചു തന്നെത്തുരത്താനടുത്തൊരു
താർക്കികൻ മൂകനായ് പ്പിന്തിരിഞ്ഞു.

ചൊൽപ്പൊങ്ങുമാചാര്യർ വാദത്തിനെത്തിയോർ
കെല്ലാറവസാനം മിണ്ടടങ്ങി.

പ്രേഷിതവീരൻെറ കൈകളാൽ കൈക്കൊണ്ടു
ഹർഷരായ് ഭക്തന്മാർ ജ്ഞാനസ്നാനം.

നാടാകെച്ചുററിനടക്കുന്ന മാർതോമ്മ-
യാടലശേഷവുമേശിടാതെ.

ഗ്രാമത്തലവനാമുൽകൃഷ്ടസമ്പന്ന-
ന്നോമനപ്പുത്രീ തന്നുദോഹത്തിൽ

സംബന്ധിച്ചീടുവാൻ പോകുന്നു ധാരാളം
ബന്ധുക്കൾ വൃദ്ധൻ കിഴവിമാരും

മന്ദഗാമിനികളൊത്തു യുവാക്കളും
സുന്ദരമ്മന്യരതൊന്നു വേറേ.

സദൃസ്സ്കവട്ടമൊരുക്കുവാൻ ഗ്രാമീണ-
രെത്തുന്നു തിക്കും തിരക്കുമായി.

മാനവസഞ്ചയം പോകുന്ന കണ്ടപ്പോൾ
ധന്യനും പിന്നാലെ നിർഗ്ഗമിച്ചു.

കല്യാണപ്പന്തലിലെത്തിയ തോമ്മായെ-
യെല്ലാരും നീരസമാന്നു നോക്കി.

ആഗതരായോക്കു സാരോപദേശങ്ങൾ
യോഗീന്ദ്രൻ നല്കുന്ന കണ്ടു ചിലർ

ക്രിസ്തീയ വിശ്വാസബീജം വിതക്കുമീ-
മത്ത്യനെ ദൂരെത്തുരത്തുകെന്നായ്!

ആട്ടിയോടിക്കുന്നു, പ്രാണൻ ലഭിക്കുവാൻ
നാട്ടുകടന്നോട്ടുകെന്നായ് ചിലർ!

ഹന്ത! നിർഭാഗ്യമേ! ദുർവ്വാണീയമ്പുക-
ളന്തമില്ലാതവരെയ്തിടുന്നു!

സങ്കോചം കൂടാതെ ഗ്രാമത്തലവന്റെ
കിങ്കരൻ മർദ്ദിച്ചു പൂങ്കവിളിൽ

കല്യാണശാലയിൽ ശാപ്പാടിനെത്തിയോ-
രെല്ലാരും തന്നെപ്പുറത്തു തള്ളി!

യേശുതൻ ഗണ്ഡത്തിൽ താഡനമേററതോ-
ത്താശ്വാസം നേടട്ടേ തൻശിഷ്യനും

സർവ്വേശൻ നീതിജ്ഞനാണെന്ന വാസ്തവം
സർവ്വജനത്തിനും വ്യക്തമാക്കി.

അപ്പാതകം ചെയ്ത സേവകനീചനെ-
യപ്പോഴേ ശിക്ഷിച്ചു സർവ്വശക്തൻ!

പാരം വിശുദ്ധനാം തോമ്മായെ മർദ്ദിച്ചു
പേരാന്ന കിങ്കരൻ തൊട്ടിലുമായ്

വെള്ളം കോരീട്ടവാൻ പോകവേ കാട്ടിലെ
വള്ളികൾക്കുള്ളിൽപ്പതിഞ്ഞിരുന്ന

വ്യാഘ്രംമൊന്നെത്തീട്ടന്നയ്യോ! വലത്തുകൈ
ശീഘ്രംകടിച്ചു പറിച്ചു ശേഷം

കാട്ടിൽ മറഞ്ഞുപോയീശ്വരാ! സേവകൻ
പെട്ടെന്നു മോഹിച്ചു വീണുപോയി!

അക്കരം തേടിയെടുത്തു കൊണ്ടോട്ടന്നു
കുക്കുരം മംഗല്യശാല തന്നിൽ

പാണിയുമായ്‌വന്ന പട്ടിയെക്കണ്ടപ്പോൾ
കാണികളൊന്നാകെ സ്തംഭിച്ചുപോയ്!

ഖിന്നതയാന്നവർ നില്ക്കുമ്പോളീശ്വരാ!
പിന്നാലെ ഭൃത്യനെക്കൊണ്ടുവന്നു!

പട്ടികൾ തമ്മിൽപ്പടക്കൂടിയാളുജം
പട്ടിയെപ്പായിച്ചു കൈക്കലാക്കി.

പാണി പറിഞ്ഞോൻെറ വേദന ദൈവമേ!
കാണാനശക്തരായ് തീന്നജ്ജനം!

തോരാതൊലിക്കുന്ന ചോരയപ്പന്തലിൽ
ദാരുണം! ദാരുണം! കാൺകവയ്യാ!!

 14054

അയ്യോ! കഠിനം! കഠിനമാണീവിധം
ചെയ്യരുതാരോടും തമ്പുരാനേ!

പുത്രകളത്രാദി മാറത്തടിക്കുന്നു
നേത്രാംബു വീഴ്ത്താത്തോരാരുമില്ല!

നല്ല മുഹൂർത്തത്തിൽ വന്നു വിരുന്നുകാർ
വല്ലാതലങ്കോലമായതെല്ലാം.

പാരിച്ച സങ്കടം! ഭൃത്യൻെറ രോദനം!
ഭാരതപ്രേഷിതൻ കേട്ടലിഞ്ഞു.

ശത്രുക്കളെപ്പോലും സ്നേഹിക്ക നിങ്ങളെ-
ന്നോതിയൊരേശുവിൻ ശിഷ്യനല്ലീ!

ചേർത്തു വച്ചീടുന്നു വേർപെട്ടയാളുജം
ഭൃത്യനുടലോടു മാമുനീന്ദ്രൻ

പുണ്യവാൻ പ്രാർത്ഥിച്ചു പാർത്താലുമക്ഷണം
പാണിയും കായവുമൊന്നു ചേർന്നു.

അത്ഭുതം കണ്ടപ്പോൾ ക്രിസ്തുവിൽ വിശ്വാസ-
മുത്ഭൂതമായവരേററു ചൊല്ലി.

അപ്പന്തലിൽ നിന്നു തന്നെത്തുരത്തിയോ-
രപ്പസ്തോലൻ മുന്നിൽ മുട്ടുകുത്തി.

നാട്ടിന്നധിപതി സേവകന്മാരൊത്തു
ശിഷ്ടനാം ശ്ലീഹായെ വന്ദിക്കുന്നു

ക്രിസ്തീയവിശ്വാസം സ്വീകരിച്ചെല്ലാരും
മുക്തിക്കായ് കൈക്കൊണ്ടു ജ്ഞാനസ്നാനം.

## V

കൊട്ടാരം നിർമ്മിച്ചതെങ്ങെന്നറിവില്ല!
കഷ്ടം! മാശില്പിയെക്കാണ്മതില്ല!

ഗുദപ്പെർ രാജനും പട്ടമഹിഷിയും
ക്രോധിച്ചുഴറുന്ന ഭൃത്യർ പോലും!

ഇക്ഷിതിയിലെങ്ങും കൊട്ടാരം കെട്ടുന്ന
ലക്ഷണമില്ലവൻ വഞ്ചിച്ചെന്നോ?

ഭണ്ഡാഗാരത്തിലെ നാണയം തീർക്കുമ-
ഖണ്ഡാലനെന്നായി രാജാധിപൻ!

സ്വർല്ലോകമന്ദിരം നിർമ്മിച്ചു തന്നുള്ളിൽ
സോല്ലാസം വാഴാൻ കൊതിച്ച റാണി

ആശാരഹിതയായ്ത്തീർന്നതും ഹന്ത! തൻ
കാശു നശിച്ചതും കണ്ടരചൻ!

വാർത്തയറിഞ്ഞപ്പോൾ മാർതോമ്മാ സാദര-
മെത്തുന്നു പാർത്ഥിവ സന്നിധിയിൽ.

ശില്പിയെക്കണ്ടപ്പോൾ രാജപ്രഭൃതികൾ
കാലുഷ്യമാർന്നങ്ങു തുള്ളിപ്പോയി.

"ഹാവാനാം വ്യാപാരിയെങ്ങുപോയ് മാമക-
ദ്രവ്യമശേഷം മുടിച്ച നിങ്ങൾ.

വിശ്വശില്പിയുടെ ശിഷ്യനെന്നോതി നീ
വിശ്വാസവഞ്ചന ചെയ്തതെന്തു്?

നാണമില്ലാതെ നീ നാടാകെ ചുററിയെൻ
നാണയമൊന്നാകെ ധൂർത്തടിച്ചു."

ആദരവാൎന്നവനെത്തരിച്ചീടുന്നു
മേദിനിപാലകാ! ചിന്തിച്ചാലും!

കോപിച്ചടിയനോടീവിധമോതുവാൻ
ഭൂപതേ, കാരണമൊന്നുമില്ല.

ഭണ്ഡാഗാരം തന്നിൽ മുററിയ നാണയം
ദണ്ഡിതൎക്കേകി ഞാൻ കുററമാമോ?

പട്ടമഹിഷിയും കോപിപ്പതെന്തിനു്
പട്ടിണിപ്പാവങ്ങൾ ജീവിക്കണ്ടേ?

"ചൊല്ലണമെൻ മഹീലെങ്ങു നീ നിൎമ്മിച്ച
സ്വൎല്ലോകഗേഹം ഞാൻ കണ്ടപോലെ!"

സ്വൎഗ്ഗീയമന്ദിരം കാണുക, ഭൂപതേ!
സ്വൎഗ്ഗത്തിൽ മാത്രമേ സാദ്ധ്യമാകൂ.

"സുന്ദരസൗഭാഗ്യസംപൂൎണ്ണ കൊട്ടാര-
മിമ്മന്നിൽ നിൎമ്മിക്കാൻ സ്ഥാനമില്ല!

നശ്വരലോകത്തിൽ സ്ഥാപിതമാമേതും
ശാശ്വതമല്ലെന്നു ചിന്തിച്ചാലും!

രാജപ്രമുഖൻെറ സൎവ്വസമ്പാദ്യവും
രാജ്യവും നശ്വരമാണതോൎക്ക.

പണ്ടങ്ങു് കണ്ടതു പോലൊരു കൊട്ടാര-
മുണ്ടാക്കി ഞാൻ പ്രഭോ! വിണ്ടലത്തിൽ

വാനവർ മാടിവിളിക്കുന്ന മാനുഷ-
രാനന്ദമന്ദിരം തന്നിൽ ചേരാൻ,

മോഹനമഗ്ഗേഹം മൃത്യുവടയാതെ
മോഹിച്ചാൽ ദൎശിക്ക സാദ്ധ്യമല്ല.

സത്യേക ദൈവത്തെയാരാധിച്ചീടുന്ന
നീതിജ്ഞർക്കാണതെന്നോർക്ക വേണം.

വഞ്ചിപ്പതില്ലഞാൻ സത്യമുരയ്ക്കുന്നു
ചാഞ്ചല്യമില്ലിതിൽ തെല്ലും പ്രഭോ?"

മാർതോമ്മാശ്ലീഹായുടെ അദ്ധ്യാത്മികോപദേശം എരിതീയിൽ എണ്ണ പകർന്നതുപോലെ രാജാവിനേയും കൊട്ടാരനിവാസികളേയും കൂടുതൽ രോഷാകുലരാക്കുവാനെ ഉപകരിച്ചുള്ളു. ഗുദപ്പേർ കുപിതനായി ശ്ലീഹായെ ശിക്ഷിക്കുന്നു.

"കേട്ടുനിൻ കാപട്യകൗശലം മേലാലെൻ
നാട്ടിലിനി നടമാടുകില്ല.

കാണട്ടെ, നിൻദ്രോഹമാരു സഹിച്ചിടും!
നാണയമെല്ലാം മുടിച്ചതോർത്താൽ!

കഷ്ട! മെൻസമ്പാദ്യം യാചകർക്കേകിയ
ദുഷ്ടനെ ഞാൻ വിടുകില്ല വൃഥാ.

വഞ്ചനക്കാരനു വേദം പുലത്തുവാൻ
സഞ്ചാരസ്വാതന്ത്ര്യമില്ല മേലിൽ

കല്പിച്ചു ഗുദപ്പേർ, കാൽകരം ബന്ധിച്ചു
ശില്പിയോ കാരാലയത്തിലായി!

ഭാരതമാതാവിൻ നിർമ്മലപ്രേഷിതൻ
ക്രൂരിരുളേറിയ പാറാവൊന്നിൽ

കൊട്ടിഘോഷിക്കുന്നു കൊട്ടാരകിങ്കരർ
ശിഷ്ടനെ ശിക്ഷിച്ചവാർത്തയെങ്ങും.

സൂര്യപ്രകാശമോ ശയനോപകരണങ്ങളോയില്ലാത്ത ചോളരാജാവിന്റെ ഇരുട്ടറയിൽ ഭാരതശ്ലീഹാ നിരാശ്രയ

നായി കഴിഞ്ഞുകൂടുന്നു. ദുരിതപൂരിതമായ കാരാഗൃഹത്തിൽ അധികനാൾ കിടന്നു നരകിക്കേണ്ടതായി വന്നില്ല.

പെട്ടെന്നു രാജസഹോദരൻ രോഗിയായ്
കൊട്ടാരവാസികളാകുലരായ്!

എന്താണു ചെയ്യേണ്ടതെന്നറിയാതവൻ
ചിന്തിച്ചുഴറുന്നു ചോളരാജൻ!

ചൊൽപ്പൊങ്ങും വൈദ്യനെ വാർത്തയറിയിച്ചു
കെല്പററു മൂർച്ഛിച്ചു രോഗാതുരൻ!

പേരെഴും രാജഭിഷഗ്വരൻ വന്നിട്ടും
പാരിച്ചരോഗം ശമിപ്പതില്ല.

കൈകണ്ടൊരൗഷധം തന്നെ കൊടുത്തിട്ടും
കാൽകരം സ്തംഭിച്ചു നാഡിപോലും!

ശ്രേഷ്ഠ ഭിഷഗ്വരർ കുന്നിച്ചു കൂടീട്ടും
കഷ്ടം! തൻ പ്രാണങ്ങൾ പാഞ്ഞുപോയി!

മാലേറി മാനസ്സം വിങ്ങുന്ന മന്നനു
മാലോകരാശ്വാസം നല്കിടുന്നു.

അന്നപാനാദികളെല്ലാം വെറുക്കുന്നു
മന്നവൻ താന്തനായ്ത്തീർന്നു പോയി.

പ്രിയ കനിഷ്ഠസോദരൻെറ നിര്യാണം ഹേതുവാലു ണ്ടായ ഹൃദയഭാരം താങ്ങുവാൻ അശക്തനായ ഗുദപ്പേർ രാജാ വിനെ കൊട്ടാരവാസികൾ ആശ്വസിപ്പിക്കുന്നു. കാരാഗൃഹ വാസം അനുഭവിക്കുന്ന തോമ്മാ അമാനുഷ ശക്തിയുള്ള ഒരു മന്ത്രവാദിയാണെന്നും അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതായി കേട്ടിട്ടു ണ്ടെന്നും അവനെ വരുത്തി കല്പിച്ചാൽ അവൻ വല്ലതും ചെ യ്യേക്കുമെന്നും സേവകർ ഉണർത്തിച്ചു. ദ്രോഹി, എൻെറ ദ്രവ്യ

മെല്ലാം മുടിച്ചവൻ പാറാവിൽക്കിടന്നു ചാകട്ടെന്നും മരിച്ച മനുഷ്യനെ ഉയിപ്പിക്കുവാൻ ഇഹത്തിൽ ഒരുവനും സാദ്ധ്യമല്ലെന്നുമാണു രാജാവു് ഉത്തരിച്ചതു്. ആ ശില്പിയെ പാറാവിൽ ഇട്ട വിനാഴികയിലാണു് അരോഗഗാത്രനായിരുന്ന ഇളയ രാജാവു് ബോധരഹിതനായി നിലംപതിച്ചതു്. ആ തച്ചന്റെ മാന്ത്രികശക്തിയാൽ ഉണ്ടായ അവന്റെ ദേവന്മാരുടെ ഉഗ്രകോപമാണു ഇതിനു കാരണമെന്നു അടിയങ്ങൾ വിശ്വസിക്കുന്നു. ഏതായാലും ആ ശില്പിയെ വരുത്തി ഒന്നു അഭ്യർത്ഥിക്കുന്നതുകൊണ്ടു് ഒരു ദൂഷ്യവും വരാനില്ലെന്നു രാജ്ഞിയുംകൂടി അഭിപ്രായപ്പെട്ടതു് അനുസരിച്ചു് ആജ്ഞാപിക്കുകയും രാജഭൃത്യർ തോമ്മാശ്ലീഹായെ തിരുമുമ്പിൽ ഹാജരാക്കുകയും ചെയ്തു. ഗുദപ്പേർ ശ്ലീഹായെ കണ്ടപ്പോൾ ഏററം പശ്ചാത്തപിച്ചുകൊണ്ടു തന്റെ സഹോദരന്റെമേൽ കൃപ ഉണ്ടാകണമെന്നും തന്നെ ആശ്വസിപ്പിക്കണമെന്നും അഭ്യർത്ഥിച്ചു.

താൻ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഏക ദൈവത്തിനല്ലാതെ മററാൎക്കും മനുഷ്യരെ ഉയിപ്പിക്കുവാനുള്ള ശക്തിയില്ലെന്നും ആ സ്രഷ്ടാവായ ക്രിസ്തുവിനെ പ്രാർത്ഥിക്കാമെന്നും എന്നാൽ ദൈവതിരുമനസ്സു് എന്താണെന്നു ആൎക്കും അറിഞ്ഞുകൂടെന്നും തോമ്മാ പറഞ്ഞു.

സൎവ്വരും കാൺകവേ ബദ്ധാഞ്ജലിയായി
സൎവ്വേശനേത്തുവോടൎത്ഥിച്ചവൻ

പാവനൻ പ്രാൎത്ഥിക്കും വേളയിൽ കാരുണ്യം
കൈവന്നതപ്പോളത്ഭുതം താൻ!

മാരിതൻ കണ്ണു തുറക്കുന്നു ദൈവമേ!
ചാരത്തു നില്പോരെ വീക്ഷിക്കുന്നു.

ആശ്രയമാരേയും തേടാതെണീററവൻ
വിശ്രമിച്ചീടാൻ തുനിഞ്ഞതില്ല.

സാഷ്ടാംഗം കുമ്പിട്ടു ശ്ലീഹായെ വന്ദിച്ചു
ഞെട്ടിപ്പോയ് പ്രേക്ഷകരൊന്നടക്കം!

ഏതൊരു മർത്ത്യനുമത്ഭുതം കാണുകിൽ
ചേതസ്സിൽ സംഭ്രമമങ്കുരിക്കും.

കൊട്ടാരവാസികൾ ഗുദപ്പേർ രാജാവും
സാഷ്ടാംഗം വീഴുന്നു മന്ത്രിമാരും.

നന്ദി നിറഞ്ഞവരെല്ലാരും ശ്ലീഹായെ
വന്ദിച്ചു തൃപ്പദം മുത്തിടുന്നു.

ഭ്രാതാവു് സാക്ഷ്യം വഹിച്ചുകൊണ്ടീവിധ-
മോതുന്നു ഗുദപ്പേർ രാജനോടായ്.

ജ്യേഷ്ഠൻ നിർമ്മിച്ച കൊട്ടാരം കണ്ടു ഞാൻ
തുഷ്ടനായ്, മാമുനി ചൊന്ന പോലെ!

വെണ്മയേറുന്നൊരു മോഹനമന്ദിരം
വർണ്ണിപ്പാനിന്നാർക്കും സാധ്യമല്ല.

നീതിയും സത്യവും പാലിക്കും മർത്ത്യനായ്
ധാതാവു നിർമ്മിച്ച രമ്യഹർമ്മ്യം!!

സത്യേക ദൈവത്തിൽ വിശ്വസിക്കുന്നു ഞാൻ
സത്തമനാം മുനി ചൊല്ലും പോലെ.

ഗുദപ്പേർ രാജകുടുംബം സഖാക്കളും
ക്രിസ്തീയവിശ്വാസം സ്വീകരിച്ചു.

ഭാരതപ്രേഷിതൻ സഞ്ചരിച്ചീടവേ,
ധാരാളം വിഗ്രഹം കണ്ടു പോലും!

ചന്തമില്ലാത്തൊരു ബീഭത്സവിഗ്രഹം
കാന്താരകാവിലെ 'ക്കാളി'തന്നെ.

കാളിയെ പ്രീണിപ്പാൻ ധാരാളമാളുകൾ
തുള്ളിക്കുരുതികൾ ചെയ്തിടുന്നു.

ചോരയൊഴിക്കുന്ന വിഗ്രഹപ്രീതിക്കായ്
പേരാന്ന പണ്ഡിതന്മാരു പോലും!

"എന്തായാലും നിങ്ങൾ ചെയ്യരുതീവിധം
രക്തം കുടിക്കില്ല വിഗ്രഹങ്ങൾ!

നിർജ്ജീവ വിഗ്രഹം കണ്ണു തുറക്കുമോ?
വഞ്ചിക്ക വേണം കുരുതിയെല്ലാം."

വാദംമുഴക്കിയാ ദുർജ്ജനം ക്രോധിച്ചു
മർദ്ദിച്ചു വീഴ്ത്തുന്നു മാർതോമ്മായേ!

"രക്ഷിക്ക ദൈവമേ! ജീവൻ നശിക്കുമേ!
രക്ഷിപ്പാൻ നീയല്ലാതാരുമില്ലേ!"

പീഡിതൻ കഷ്ടം നിരാലംബനായിട്ടും
താഡനം തെല്ലും ശമിപ്പതില്ല!

പാത്താലുമത്ഭുതം വർഷിക്കുന്നംബരം
കത്തിക്കാളീട്ടമൊരഗ്നികുണ്ഡം!

വെള്ളിടി വെട്ടിയാലെന്നപോലക്ഷണം
ഭള്ളേറും കശ്മലർ ഭസ്മമായി!

ആളുകളൊന്നിച്ചു കാവിലെക്കാളിയും
കാളന്നൊരഗ്നിയിൽ വെന്തുപോയി!

ഈശ്വരകാരുണ്യമൊന്നിനാൽ മാമുനി
യേശുവിൻ വത്സലൻ രക്ഷപെട്ടു.

## VI

അനുദിനം അനാധി ആളുകൾ ക്രിസ്തുമതാവലംബികളാകുന്നതു കണ്ട് അസഹിഷ്ണുവായ ഒരു ഹിന്ദുമതാചാര്യൻ ഏതു കൗശലം പ്രവർത്തിച്ചിട്ടെങ്കിലും തോമ്മാശ്ലീഹായെ നാട്ടു

കടത്തുകയോ അഥവാ കാരാലയവാസത്തിനു വിധേയനാക്കുകയോ ചെയ്യണമെന്നുറപ്പിച്ചു. അതിനു ഉതകിയ തന്ത്രം അവധാനപൂർവ്വം ചിന്തിച്ചു ചിന്തിച്ച് കണ്ടുപിടിച്ചതു് ഏററം ജുഗുപ്സാവഹമായ ഒരു കൊടിയ കാപട്യമത്രേ. സ്വപുത്രനെ വധിച്ച കുററം തോമ്മാശ്ലീഹായിൽ ആരോപിച്ചാൽ അയാൾ മരണശിക്ഷയ്ക്കു വിധേയനായിക്കൊള്ളും എന്നുള്ളതായിരുന്നു ആ പുരോഹിത യാഥാസ്ഥിതികൻെറ കടഞ്ഞെടുത്ത തന്ത്രം!! ആചാര്യൻ അപ്രകാരം തന്നെ ചെയ്യുകയും പോരെങ്കിൽ നാലഞ്ചു കള്ളസാക്ഷികളെക്കൊണ്ടു് തോമ്മാശ്ലീഹാ കൊലപാതകം ചെയ്യുന്നതു കണ്ടതായിട്ടു് മൊഴികൊടുപ്പിക്കുകകൂടിയും ചെയ്തു. അറസ്ററുവരിച്ച് ശ്ലീഹാ കോടതിയിൽ ഹാജരായി. മരിച്ച യുവാവിൻെറ മൃതശരീരം കോടതിയിൽ കൊണ്ടുവന്നാൽ തൻെറ നിരപരാധിത്വം അവനെക്കൊണ്ടുതന്നെ തെളിയിക്കാമെന്നു ശ്ലീഹാ പറഞ്ഞതു് അനുസ്സരിച്ചു് കോടതി ഉത്തരവായി. ആചാര്യൻേറയും കള്ളസാക്ഷികളുടേയും അന്തരംഗത്തിൽ തിളച്ച ദ്രാവകം പകന്നതുപോലെ അവക്കു അനുഭവപ്പെട്ടു. മൃതശരീരം കോടതിയിൽ കൊണ്ടുവന്നു. തൻെറ നിരപരാധിത്വം വ്യക്തമാക്കുവാൻ കോടതി ശ്ലീഹായോടു് ആവശ്യപ്പെട്ടു.

സത്യംതെളിഞ്ഞീടാൻ ദൈവത്തെ പ്രാത്ഥിച്ചു
മൃത്യുവടഞ്ഞോനുയിത്തു ചൊമ്മേ!

അത്ഭുതം കണ്ടപ്പോൾ കോടതി ഞെട്ടിപ്പോയ്!
സംഭ്രമിച്ചാചാര്യൻ വീണു പോയി!

സാദരം നില്ക്കുന്ന ബാലനോടീവിധം
ചോദിച്ചു മാമുനി സ്നേഹപൂർവ്വം.

സത്യം കഥിക്കേണം നിന്നെയാർ ഹിംസിച്ചു?
വ്യക്തമാക്കീടുകിക്കോടതിയിൽ

"സത്യം പറഞ്ഞിടാം ശുദ്ധമായെൻ ഗളം
ഛേദിച്ചതെൻ താതൻ കൈവാളിനാൽ'

കുററമീ യോഗിയിലാരോപിക്കാനെന്നെ-
പ്പോററിയ കൈകളാൽ മാരിതൻ ഞാൻ!!"

പേറുന്ന വഞ്ചനയൊന്നിനാൽ നീതിജ്ഞർ
കേറുന്നു കഷ്ടം! കഴുമരത്തിൽ!!

സത്യമറിഞ്ഞപ്പോൾ ബന്ദിവിമുക്തനായ്
വാദി പ്രതിക്കൂട്ടിൽ ചെന്നടിഞ്ഞു!!

പററിപ്പോയാചാര്യ! പശ്ചാത്തപിച്ചാലും!
കുററമററുള്ളവരില്ലിഹത്തിൽ!!

കേരളഭൂമിയിൽ ജോലി തുടരുന്നു
പേരെഴും ബ്രാഹ്മണരെന്നു വേണ്ടാ

ധാരാളം ഹൈന്ദവർ സ്വാഗതം ചെയ്യുന്നു
ഭാരതശ്ലീഹായെ നാട്ടുനീളേ!

പ്രാജ്ഞനാംയോഗീന്ദ്രൻ വിശ്വാസികൾക്കെല്ലാ-
മഞ്ജസാ നല്കുന്നു ജ്ഞാനസ്നാനം.

ഏഴു കുരിശുകൾ ചിന്തിച്ചോ! സ്ഥാപിക്കു-
ന്നേഴകരിസ്തുകൾ കേരളത്തിൽ

"പാലൂർ, കുരക്കേണിക്കൊല്ലം, നിരണവും
മാല്യങ്കര, ചായൽ, കോട്ടക്കായൽ,

കോക്കമംഗലവുമീയേഴു ശ്രീയെഴും
ദിക്കിലും സ്ഥാപിച്ചു തൃക്കരത്താൽ.

ആരാധനാലയം സൃഷ്ടിച്ച ശേഷം താൻ
കൈരളീവത്സരെ വേർപെടുന്നു.

ഭാരതപ്രേഷിതനന്ത്യമായെത്തുന്നു
പേരാന്ന മൈലപ്പൂർ പത്തനത്തിൽ!

വേദപ്രഭാഷണം ചെയ്യുന്ന ക്രിസ്തീയ
വേദം പരക്കുന്നു നാൾക്കു നാളിൽ!

ഉൽകൃഷ്ടബ്രാഹ്മണർ രോഷാകുലരായി
നിഷ്കൃപം ഭത്സിച്ചു മാമുനിയേ!

എമ്പ്രാന്മാർ കുന്നിച്ചു കൂടുന്നു ശ്ലീഹായെ
പമ്പകടത്തുവാൻ നിശ്ചയിച്ചു!

കൊല്ലണമല്ലെങ്കിൽ നാടുനശിച്ചുപോ–
മെല്ലാരും മാർഗ്ഗത്തിൽ ചേൎന്നുപോകും.

മൈലപ്പൂർ വാസികളെമ്പ്രാന്മാരെല്ലാരും
കാലുഷ്യത്തള്ളലാൽത്തുള്ളിപ്പോയി!

എങ്ങാനും കണ്ടെന്നാൽ കല്ലെറിഞ്ഞോടിക്കാ–
നങ്ങാടിക്കുഞ്ഞുങ്ങൾക്കാജ്ഞ നല്കി!

സമ്പൽസമൃദ്ധനാം മാടമ്പി കല്പിച്ചാൽ
പമ്പരവിഡ്ഢികൾക്കെന്തു പിന്നെ?

മന്നവമന്ത്രിമാർ നീരസമാണെങ്കിൽ
പിന്നെപ്പറയണോ "ഗുണ്ടായിസം"

സന്ന്യാസി നിത്യവും, നല്കുന്നുപദേശം
സത്യേക ദൈവത്തിൽ വിശ്വസിപ്പാൻ

"നീതിയും സത്യവും മർത്ത്യൻ പുലർത്തണം
പാതകി പശ്ചാത്തപിക്ക വേണം.

ശത്രുക്കളെപ്പോലും സ്നേഹിക്കാനോതിയ
ക്രിസ്തുവിലല്ലാതെ രക്ഷയില്ല."

യേശുമഹേശനിൽ വിശ്വസിച്ചീടുവാൻ
കുസലില്ലാതവൻ ഉദ്ഘോഷിച്ചു.

ചോരച്ചൊരിയാനും സന്നദ്ധനാണവൻ
ഭീരുതചമെന്നിയെ ചുററിടുന്നു.

പൊല്ലല്ലെഴുമെമ്പ്രാന്മാരൊന്നിച്ചു കൊല്ലുവാ-
നെല്ലാരും സന്ദർഭം പാർത്തിടുന്നു.

ഉന്മദത്തള്ളലാൽ ദുർമ്മതമാർന്നവ-
രുന്മാദപ്പേയരായ്ത്തീൎന്നുപോയി!

ആയുധമേന്തുന്നു യോഗിയെ ഹിംസിപ്പാ-
നായാസം തീർക്കുന്നു കശ്മലന്മാർ!

പ്രാൎത്ഥിപ്പാൻ മാർതോമ്മാ മാമല കേറവേ,
ഘാതകർ പിന്നാലെ പീറിയെത്തി!

കാര്യം ഗ്രഹിച്ചവൻ ധ്യാനനിമഗ്നനായ്
ഭാരതപ്രേഷിതൻ കൎമ്മധീരൻ!

കാരുണ്യവാനായ ശ്ലീഹായെക്കണ്ടവർ
കാരുണ്യം തീണ്ടാത്ത കണ്ടകന്മാർ!

കുന്തമൊന്നോങ്ങുന്നു നിൎമ്മലശോണിതം
ചിന്തുന്നു ദൈവമേ! ഭാരതത്തിൽ!

പാണികൾകൂപ്പിത്താൻ പ്രാൎത്ഥിക്കും വേളയിൽ
പ്രാണൻ നശിപ്പിച്ചു നീച നീചർ!!

തോരാതൊലിക്കുമാച്ചോര കിരാതൻെറ
പാരിച്ച പൈദാഹം പോക്കുമല്ലോ!!

ശാന്തിയടഞ്ഞു തന്നാത്മാവു മോദിപ്പൂ
സന്തതം സർവ്വേശ സന്നിധിയിൽ!

ശിഷ്ടനാം യോഗിയെ ഹിംസിച്ച വൃത്താന്തം
കാട്ടുതീപോലെ പടൎന്നുപോയി!

കൈക്കരുത്തുള്ളവർക്കെന്തൊരനീതിയും
ചെയ്തിടാം നിർഭയമെന്നുമായി!!

ഉത്തമഹൈന്ദവ മിത്രങ്ങളെല്ലാരും
വാർത്ത കേട്ടത്തലിലാണ്ടു പോയി!

സംതൃപ്തരാകുന്നു ഘാതകരെല്ലാരും
മർത്ത്യനെ ദംശിച്ച സർപ്പം പോലെ!

നീറുന്ന നെഞ്ചുമായെത്തിയ ഭക്തന്മാർ
മാറത്തടിക്കുന്നു മാഴ്കിടുന്നു.

മിത്രങ്ങൾ തപ്തരായെങ്കിലും ഗാത്രമ-
തെത്രയും വേഗത്തിൽ മൃഷ്ടമാക്കി,

കഞ്ചുകമാവശ്യംപോലെ ധരിപ്പിച്ചു
മഞ്ചത്തിൽ ചെമ്മേ കിടത്തി പിന്നെ

ആളുകൾ തിക്കും തിരക്കുമായാമഞ്ചം
തോളിൽ വഹിച്ചവർ യാത്രയായി.

പ്രാർത്ഥനചൊല്ലിക്കൊണ്ടെത്രയും ഭക്തരായ്
പാതയിലൂടെ നടന്നു മന്ദം.

വമ്പിച്ച മാനവസഞ്ചയമെത്തുന്നു
പ്രേതവുമായവർ മൈലപ്പൂരിൽ

കല്ലറമോടിയിൽ നിർമ്മിച്ചു, ഭക്തന്മാ-
രെല്ലാരും തൃപ്പദം മുത്തിടുന്നു.

ചേതോഹരമാകും പ്രേതാലയം തന്നിൽ
പൂതമാം തന്നുടൽ സംസ്കരിച്ചു.

അപ്പസ്തോലൻ നിത്യവിശ്രമം കൈക്കൊണ്ടോ-
രപ്പത്തനം പിന്നെ തീർത്ഥകേന്ദ്രം!

മാർത്തോമ്മാ തൻ കുഴിമാടത്തിലെത്തുന്നു
ഭക്തന്മാർ മാദ്ധ്യസ്ഥ്യമർത്ഥിക്കുന്നു!

മുക്തിക്കായ് മർത്ത്യരെ മാടിവിളിച്ചവൻ
രക്തസാക്ഷിമുടി ചൂടിയല്ലോ!

ഭാരതഭൂമീ! നിൻ പ്രേഷിത വീരൻെറ
ചോരനുകർന്നല്ലോ നാരകീയർ!

പ്രാർത്ഥിക്ക മാമുനീ, ഞങ്ങൾ നശിക്കാതെ
സത്യസ്വരൂപനോടൊത്തു ചേരാൻ!

നാസ്തികർ നാടാകെ നർത്തനം ചെയ്യുന്നു
ക്രിസ്തീയ ചൈതന്യം മങ്ങിടുന്നു

സോവ്യറ്റ് റഷ്യ തൻ ചെങ്കുപ്പായപ്പട
ദൈവമേ! നാട്ടിൽ കൈയേറ്റമായി!

ഔദാര്യം, മര്യാദ, നീതിയും, സത്യവും
വാദവിഷയമായ്ത്തീർന്നുപോയി!

ധാർമ്മിക സംസ്കാരസംഗരമില്ലെന്നായ്
നിർമ്മതം വേരൂന്നി ഭാരതത്തിൽ!

ഉത്തുംഗസ്ഥാനികൾ ചെയ്യുമനീതികൾ
നീതീകരിപ്പൂ സഖാക്കളെല്ലാം.

വേലി വിളവുകൾ തിന്നൊടുക്കീടുകിൽ
വേലക്കാർ പാവങ്ങളെന്തു ചെയ്യും?

ആഹാരോൽപാദകകർഷകർ ഭീതിയാൽ
വിഹ്വലഗാത്രരായ് ജീവിക്കുന്നു!

വേലക്കു വിപ്ലവം കൂലിക്കു വക്കാണം
വേലയും കൂലിയുമില്ലെന്നായി!

പള്ളി, പള്ളിക്കൂടം, സ്ഥാവര, ജംഗമ–
മുള്ളതെല്ലാം പങ്കു വെച്ചെന്നാലും
കൊള്ളിവച്ചീടാതടങ്ങുകില്ലീശ്വരാ!
കള്ളപ്രവാചക ദുർമ്മതാന്ധർ!

ഈശ്വരനില്ലെങ്കിൽ സന്മാർഗ്ഗബോധവും
ശാശ്വതഭാവിയുമെങ്ങു പിന്നെ!!

സോദരീസോദരർ തമ്മിൽ പ്രണയമായ്
ബാന്ധവിച്ചീടുന്നതെന്തു ചിത്രം!

വേദസാക്ഷീമുടി ചൂടിയ മാർതോമ്മാ!
സാധുവാമെന്നെയും കൈവിടൊല്ലേ!

ബാധിര്യംകൊണ്ടെന്നെ ശിക്ഷിച്ചു സർവ്വേശൻ,
വൈദികവൃത്തിക്കയോഗ്യനായി!

എത്രനാളിങ്ങനെ ജീവിതം പോറണം
ധാത്രിയിൽ ശിക്ഷയ്ക്കൊരന്ത്യമില്ലേ!

ജീവപര്യന്തമായ് ശിക്ഷിച്ചു വിട്ടാലും
വ്യാഴവട്ടം കൊണ്ടു തീരുമല്ലോ!

ദുർവണ്ണജ്ജൂബിലിക്കാലം കഴിഞ്ഞിട്ടും
ദുർവിധി തന്നെയോ?! എൻ പിതാവേ!

ഹന്ത! വൈകല്യമതൊന്നിനാലിപ്പാപി
വൈദികഗർവ്വിഷ്ഠനെന്നുമായി!

ആരുപറഞ്ഞാലും കേൾക്കാത്തൊരാചാര്യൻ
കൈരളീ ദുർവിധ ഗ്രന്ഥകാരൻ!

അച്ചാ! യെന്നെന്നെ വിളിക്കിലും നോക്കാത്ത
സ്വച്ഛന്ദചാരിയാം കാവ്യക്കാരൻ!

വൈരാഗമേറീട്ടും പാപിയാമീയെന്നെ
ദൂരെത്യജിക്കരുതെന്റെ താതാ!

പൂരിതപാവനാ! ഭാരതപ്രേഷിതാ!
കാരുണ്യമെന്നിൽ ചൊരിഞ്ഞിടേണം.

ഗൂദപ്പേർ രാജന്റ നിർമ്മിച്ച കൊട്ടാരം
സംഗതിയാക്കണേ! യൊന്നു കാണ്മാൻ!

---

Printed and Published for the Proprietor by
Rev. Fr. Wilfrid T. O. C. D. at the St. Joseph's Press
Mannanam 1958.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 200 Acc. No. 14054

This book should be returned on or before the date last stamped below.

15 MAR 1987
14 DEC 1990
26 NOV 1999

200 14.054

ജോസഫ് നെടുംഞ്ചിറ

ഭാരത പ്രേഷിതൻ.

KOTTAYAM PUBLIC LIBRARY

Call No. ൮൦൦ Acc. No. 14:054

Author ജോസഫ് [illegible]

Title [illegible]

Indic Digital Archive Foundation

gpura.org